# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാളികാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം6/2537/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/01/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാളികാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം6/2537/2022 തീയ്യതി: 04/01/2023

## മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-07-2021 മുതൽ 11-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 12-10-2022 | 20-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-10-2022 | 20-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി പി അബ്ദുൾ ജലീൽ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ടി മുഹമ്മദ് സലീം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ടി രാമകൃഷ്ണൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. എം സുജാത,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഗോപി താളിക്കുഴി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.അനൂപ് മോഹൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.അബ്ദുൽ ഷുക്കൂർ | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.നൗഫൽ.പി | വി ഇ ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.ബബിത തോമസ് | വി ഇ ഒ | 01-04-2021 | 14-07-2021 |
| ശ്രീ.ലിജോ ജോസഫ് | വി ഇ ഒ | 15-07-2021 | 31-03-2022 |
| ശ്രീ.ഷിജുകുമാർ.എസ്.എസ് | അസി. എഞ്ചിനീയർ | 01-04-2021 | 16-11-2021 |
| ശ്രീമതി.ആര്യ.ആർ | അസി. എഞ്ചിനീയർ (അഡീഷണൽ ചാർജ്) | 17-11-2021 | 02-12-2021 |
| ശ്രീ.സിജേഷ്.കെ. | അസി. എഞ്ചിനീയർ (താത്കാലിക നിയമനം) | 03-12-2021 | 07-12-2021 |
| ശ്രീ.ജോയൽ സാബു | അസി. എഞ്ചിനീയർ (താത്കാലിക നിയമനം) | 08-12-2021 | 31-03-2022 |
| ശ്രീമതി.ലീന കേശവൻ നായർ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ജസീല വളപ്പിൽ ഹൗസ് | മെഡിക്കൽ ഓഫീസർ ( CHC) | 01-04-2021 | 31-03-2022 |
| ഡോ.മനോജ് കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി.റസിയ.സി.എച്ച് | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ലനീഷ.എം | കൃഷി ഓഫീസർ | 01-04-2021 | 29-05-2021 |
| ശ്രീ.ഷഫീഖ്.എം | കൃഷി ഓഫീസർ | 30-05-2021 | 25-11-2021 |
| ശ്രീമതി.ലനീഷ.എം | കൃഷി ഓഫീസർ | 26-11-2021 | 31-03-2022 |
| ശ്രീമതി.സഫിയ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 18-11-2021 |
| ശ്രീമതി.ഉമ്മുസൽമ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 19-11-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ.സൗമ്യ | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീ.അബ്ദുൽ ഖാസിം.പി | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |

ശ്രീ. ടി പി അബ്ദുൾ ജലീൽ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) ശ്രീ. ടി മുഹമ്മദ് സലീം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ ശ്രീ. ടി രാമകൃഷ്ണൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ ശ്രീമതി. എം സുജാത,ഓഡിറ്റർ

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം ) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ | 1-11 |
| 12 | വസ്തുനികുതി - സർക്കാർ ഉത്തരവ് പ്രകാരമുള്ള വിജ്ഞാപനം ചെയ്തില്ല. | 1-12 |
| 13 | കളക്ഷൻ തുക ഗ്രാമപഞ്ചായത്തിൽ അടവാക്കിയില്ല | 1-13 |
| 14 | തൊഴിൽ നികുതി - അപാകതകൾ | 1-14 |
| 15 | പ്രേരക് ഹോണറേറിയം തിരികെ ലഭ്യമായില്ല. | 1-15 |
| 16 | വാഹന വാടക കരാർ തുകക്ക് ഐടി ഓഡിറ്റ് പരാമർശത്തെ തുടർന്ന് അടവാക്കി. | 1-16 |
| 17 | മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായില്ല | 1-17 |
| 18 | അഡ്വാൻസ് തുക കൈപ്പറ്റി-ഭവനനിർമ്മാണം ആരംഭിച്ചില്ല. | 1-18 |
| 19 | വാഹന വാടക നൽകിയത് - ആദായ നികുതി ഈടാക്കിയില്ല. | 1-19 |
| 20 | റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി | 1-20 |
| 21 | കോൺക്രീറ്റ് റോഡ്: സ്ഥലം ഏറ്റെടുത്തതിന്റെ വിശദാംശം ലഭ്യമല്ല. | 1-21 |
| 22 | പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ ലേലം ചെയ്തില്ല. | 1-22 |
| 23 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു/ ആവശ്യത്തിലധികം അക്കൗണ്ടുകൾ സൂക്ഷിക്കുന്നു. | 1-23 |
| 24 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ-മുഴവൻ മരുന്നുകളും ലഭ്യാമായിട്ടില്ല. | 1-24 |
| 25 | മുഴവൻ മരുന്നുകളും ലഭ്യമായില്ല. | 1-25 |
| 26 | അനധികൃത നിർമ്മാണങ്ങൾ - തുടർ നടപടി സ്വീകരിച്ചില്ല. | 1-26 |
| 27 | ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടങ്ങളിൽ സ്കൂളുകൾ പ്രവർത്തിക്കുന്നു. | 1-27 |

| | | |
|---|---|---|
| 28 | അഗതി രഹിത കേരളം പദ്ധതി - പ്രവർത്തനം ആശാവഹമല്ല. | 1-28 |
| 29 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി; നഷ്ടം 89524 രൂപ | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | പുതുക്കിയത് ബജറ്റ് തീരുമാന നം./തിയ്യതി |
|---|---|
| 1/1 തീ.20.02.2021 | 5/1 തീ. 26.03.2022 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2022 | 28.05.2022 | ബാധകമല്ല. | ബാധകമല്ല. |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34138641 |
| വരവ് | 115791460 |
| ആകെ | 149930101 |
| ചെലവ് | 110433890 |
| നീക്കിയിരിപ്പ് | 39493890 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 23058733 | 23058733 | 23055361 | 3372 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 7769707 | 7769707 | 7695918 | 73789 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 189534 | 189534 | 162334 | 27200 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 13521000 | 13521000 | 12654759 | 866241 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 8683430 | 8683430 | 57712279 | 2912151 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( TIED) | 0 | 9795206 | 9795206 | 7051266 | 2743940 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( NUTIED) | 0 | 5251716 | 5251716 | 5076930 | 174786 |
| ബി ഫണ്ട് | 0 | 71345200 | 71345200 | 71345200 | 0 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 296 | 130336554 | 254 | 95619293 | 40 | 2 | 73.36 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 33936 | 826876 | 860812 | 860812 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 31790548 | 31790548 | 31790548 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 2590400 | 161 |
| വിധവാ പെൻഷൻ | 25120800 | 1478 |
| വാർദ്ധക്യകാല പെൻഷൻ | 34298400 | 2250 |
| വികലാംഗ പെൻഷൻ | 7800800 | 515 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 450000 | 15 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1084800 | 69 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2022 ന് 02.15 പി.എം, ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3706/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. എൻആർഇജിഎസ് റോഡ് നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിലും അളവ് പുസ്തകത്തിലും ചെയ്നേജ് രേഖപ്പെടുത്തുന്നില്ല.
3. ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി പണം നൽകുമ്പോൾ UTR No രേഖപ്പെടുത്തിയ കൈപറ്റ് ഫയൽ ചെയ്യുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14/09/2022 | 01/07/2022 മുതൽ 31/08/22 വരെ | 14/09/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24/09/2012 | 2007-08 മുതൽ 2011-12 വരെ | 17/12/2012 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2). എ സി ആറിൽ ശരിയായി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടിയില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 4 രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

3). രജിസ്റ്ററിൽ മുഴുവൻ വിവരം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B- 7ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

4).അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B- 18ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

5)Sale Of Waste Paper, Sale Of Timber,Sale Of Tender Forms ഇനങ്ങളിൽ യഥാക്രമം 14,955രൂപ ,1165 രൂപ,3,54,302രൂപ എന്നിങ്ങനെ വരവുണ്ടങ്കിലും രേഖകളുടെ അഭാവത്തിൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

6)ബസ് സ്റ്റാന്റ് ഫീസ് ഇനത്തിൽ രജിസ്റ്റർ പ്രകാരം 20,000 രൂപയാണ് വരവുള്ളത്. ആയത് വാർഷികകണക്കിൽ RP-4 പ്രകാരം 9320 രൂപയും, RP-43 പ്രകാരം 41,000രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

7)ലൈസൻസ് ഫീസ് ഇനത്തിൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് ,കളക്ഷൻ, 1,86,200രൂപയാണ്. എന്നാൽ വാർഷികകണക്ക് പ്രകാരം ഡിമാന്റ് ,കളക്ഷൻ 3,28,700രൂപയുമാണ്. തുക വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

8)തൊഴിൽ നികുതി ഇനത്തിൽ താഴെ പറയും പ്രകാരം തുക വ്യത്യാസം

| വാർഷികകണക്ക് പ്രകാരം തുക | ഡിമാന്റ് രജിസ്റ്റർ പ്രകാരം തുക |
|---|---|
| തൊഴിൽ നികുതി - ജീവനക്കാർ<br>ഡിമാന്റ് - 15,08,380<br>കളക്ഷൻ - 14,75,880<br>ബാലൻസ്- 0 | തൊഴിൽ നികുതി - ജീവനക്കാർ<br>ഡിമാന്റ് - 15,08,380<br>കളക്ഷൻ - 15,08,380<br>ബാലൻസ്- 0 |
| തൊഴിൽ നികുതി - വ്യാപാരികൾ<br>ഡിമാന്റ് - 6,56,240<br>കളക്ഷൻ - 1,82,400<br>അഡ്വാൻസ് കളക്ഷൻ - 4,73,840<br>ബാലൻസ്- 0 | തൊഴിൽ നികുതി - വ്യാപാരികൾ<br>ഡിമാന്റ് - 3,95,960<br>കളക്ഷൻ - 3,95,960<br>ബാലൻസ്- 0 |

തുക വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

9)വാടക ഇനത്തിൽ ഡിമാൻറ് രജിസ്റ്ററിലും വാർഷിക കണക്കിലും ഡിമാന്റ് ,കളക്ഷൻ ഇനത്തിൽ 3,13,140 രൂപയാണ് രേഖപ്പെടുത്തിയത് . എന്നാൽ തൻവർഷത്തെക്കുള്ള അഡ്വാൻസ് ഇനത്തിൽ 1845 രൂപ വരവുള്ളത് കണക്കിലെടുത്തിട്ടില്ല.

10) തൊഴിലുറപ്പ് പദ്ധതി ഇനത്തിൽ മൊത്തം ചെലവ് തുക വാർഷികകണക്ക് പ്രകാരം 2,94,41,373 രൂപയും, കാഷ് ബുക്ക് പ്രകാരം 3,26,51,360രൂപയുമാണ്. വാർഷികണക്കിൽ ഷെഡ്യൂൾ I-6 ലും, ഷെഡ്യൂൾ I-14(a) ലും (Income And Expenditure Statement)വ്യത്യസ്ത തുകയാണ് (യഥാക്രമം 2,94,41,373രൂപ,2,94,42,223 രൂപ)രേഖപ്പെടുത്തിയിട്ടുള്ളത്.

11)എ സി ആർ പ്രകാരം C F C Tied ഇനത്തിൽ 70,51,266 രൂപയും , C F C UnTied ഇനത്തിൽ 50,76,930രൂപയുമാണ് ചെലവ് തുക . എന്നാൽ ആയത് വാർഷികകണക്ക് RP-7പ്രകാരം യഥാക്രമം 7,52,060രൂപയും 2,18,400രൂപയുമാണ് . തുക വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

12) കനറ ബാങ്ക് (അക്കൗണ്ട് നം. 110043189979), കനറ ബാങ്ക് (അക്കൗണ്ട് നം. 110043189673),കനറ ബാങ്ക് (അക്കൗണ്ട് നം. 110043189810),ഇൻഡ്യൻ ബാങ്ക് (അക്കൗണ്ട് നം.7150827629) എന്നീ പുതിയ അക്കൗണ്ടുകൾ ഓഡിറ്റ് കാലയളവിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും വിവരം വാർഷികകണക്കിൽ ഉൾപ്പെടത്തിയിട്ടില്ല. അക്കൗണ്ടിലെ ഇടപാടുകളുടെ വിവരവും ലഭ്യമല്ല.

13) റീകൺസിലേഷൻ പത്രികകൾ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം . 17/2021-22/20.10.22 )

## 1-12 വസ്തുനികുതി - സർക്കാർ ഉത്തരവ് പ്രകാരമുള്ള വിജ്ഞാപനം ചെയ്തില്ല.

24.02.2015ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, 2)വിദ്യഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക്മാത്രം ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവക്ക് അണ്ടർടേക്കിംഗ് പ്രകാരം നികുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ വിദ്യഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവക്ക് ഇപ്രകാരമുള്ള നികുതി നിരക്കുകൾ കാളികാവ് ഗ്രാമപഞ്ചായത്തിൽ പരിഷ്കരിച്ചിട്ടില്ല/പരിഷ്കരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിൽ നിന്ന് പഞ്ചായത്ത് ലഭ്യമാക്കിയ കെട്ടിട ഗണങ്ങളുടെ പട്ടികയിൽ മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള കെട്ടിടങ്ങൾ, MSME വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ, റസിഡൻഷ്യൽ ഹോം സ്റ്റേ എന്നിവയുടെ നികുതി നിരക്കുകൾ സെറ്റ് ചെയ്യുകയോ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്യുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ മേൽ പരാമർശിച്ച പ്രകാരമുള്ള തരം കെട്ടിടങ്ങളുടെ വിവരവും അവയുടെ നികുതി വിവരവും പരിശോധിച്ച് ഓഡിറ്റിന് ലഭ്യമാക്കേണ്ടതും സർക്കാർ ഉത്തരവ് പ്രകാരമുള്ള വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതുമാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 2/15.10.2022 ന് മറുപടി ലഭ്യമാക്കിയില്ല. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 കളക്ഷൻ തുക ഗ്രാമപഞ്ചായത്തിൽ അടവാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർക്ക് അനുവദിച്ച 5096 നമ്പർ രശീതി പുസ്തകത്തിലെ 51 മുതൽ 65 വരെയുള്ള രശീതികൾ ഉപയോഗിച്ച് 13.12.2021 ന് വിവിധ കോൺട്രാക്ടർമാരിൽ നിന്നും കളക്ട് ചെയ്ത 59760/-രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കിയതായി കാണുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 3/15.10.2022 നൽകി. 5096 നമ്പർ രശീതി പുസ്തകത്തിലെ 51 മുതൽ 65 വരെയുള്ള രശീതികൾ 13.12.2021 തിയ്യതിയിൽ EMD തുക കളക്ട് ചെയ്യുന്നതിന് ഉപയോഗിച്ചതാണെന്നും അപ്രകാരം കളക്ട് ചെയ്ത തുക 59760/-രൂപ 13.12.2021 തിയ്യതിയിൽ തന്നെ ഗ്രാമ പഞ്ചായത്തിൽ അടവാക്കിയതായി മറുപടി നൽകുകയും വിവിധ രശീതികളുടെ പകർപ്പ് ഹാജരാക്കുകയും ചെയ്തു. എന്നാൽ വിവിധ കോൺട്രാക്ടർമാർ ഗ്രാമ പഞ്ചായത്തിൽ EMD അടവാക്കിയതായുള്ള വിവിധ കോൺട്രാക്ടർമാരുടെ പേരിലുള്ള രശീതികളുടെ പകർപ്പാണ് ഹാജരാക്കിയത്. അസിസ്റ്റന്റ് എഞ്ചിനീയർ തുക അടവാക്കിയതായുള്ള രശീതികൾ ഹാജരാക്കിയില്ല. വിവിധ പദ്ധതികളിലെ പ്രവൃത്തികൾക്കായുള്ള EMD തുകക്ക് (തുക കൈപ്പറ്റാതെ തന്നെ) കോൺട്രാക്ടർമാർക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് മാന്വൽ രശീതി നൽകുകയും പിന്നീട് തുക കോൺട്രാക്ടർമാർ നേരിട്ട് ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസിൽ അവരുടെ തന്നെ പേരിൽ അടവാക്കി രശീതി കൈപ്പറ്റുകയും ചെയ്തതായി അറിയിച്ചു. ഒരു തുകക്ക് തന്നെ രണ്ട് രശീതികൾ നൽകിയിരിക്കുന്നു (മാന്വൽ രശീതിയും സാംഖ്യ രശീതിയും). രശീതികൾ നിരുത്തരവാദപരമായാണ് ഉപയോഗിച്ചിട്ടുള്ളത്. രശീതികളുടെ ഉപയോഗത്തിൽ കൂടുതൽ സൂക്ഷ്മത പുലർത്തേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി - അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിലും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് . ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

1). കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് , ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 27.09.2012 ലെ A6- 5330/2011 ലെ നമ്പർ സർക്കുലർ (Circular 16/2012- Modification) പ്രകാരം മാവേലി സ്റ്റോറുകൾ/സൂപ്പർമാർക്കറ്റുകൾ എന്നീ സ്ഥാപനങ്ങളിൽ സ്ഥാപനത്തിന്റെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ 2021-22 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും സപ്ലൈകോ മാവേലി സ്റ്റോർ കാളികാവിലെ അസിസ്റ്റന്റ് സെയിൽസ്മാൻ മാത്രമാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. മേൽ സർക്കുലർ അടിസ്ഥാനമാക്കി സപ്ലൈകോ മാവേലി സ്റ്റോർ കാളികാവിൽ 2021-22 വർഷത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടുള്ള

മുഴുവൻ ജീവനക്കാരുടെയും അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതും ആയത് പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കാനുള്ള തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

2). ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | ലൈസൻസ് അപേക്ഷ പ്രകരം സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | വീർ ജവാൻ അബ്ദുൾ നാസർ ഫ്യൂവൽസ് | 4 |
| 2 | മയൂരി ജ്വല്ലേഴ്സ് | 3 |

1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ തൊഴിൽ നികുതി കൊടുക്കുന്നതിന് ബാധ്യസ്ഥനാണെങ്കിൽ റിട്ടേൺ സമർപ്പിക്കാൻ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതും ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാവുന്നതുമാണ്. 2021-22 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയോ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

3). കാളികാവ് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിലെ പി.ടി.എസിന്റെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുവന്നതായി കാണുന്നു.

| | | | |
|---|---|---|---|
| റഫീഖ | റിട്ടേൺ പ്രകാരം ഒന്നാം അർദ്ധവാർഷിക വരുമാനം- 105504/- | ഈടാക്കേണ്ട നികുതി- 1000/- | ഈടാക്കിയ നികുതി- 750/- |

4). ഹിഡന്റ് ട്രേഡേഴ്സ് & എക്സ്പോർട്ടേഴ്സ് എന്ന സ്ഥാപനം സമർപ്പിച്ച റിട്ടേണിൽ പ്രകാരം സ്ഥാപനത്തിൽ രണ്ടാം അർദ്ധവർഷത്തിൽ ജോലി ചെയ്ത21 ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരം രേഖപ്പെടുത്തുകയും ആയത് പ്രകാരം 21 ജീവനക്കാരും 120/- രൂപ നിരക്കിൽ (21 X 120 = 2520) തൊഴിൽ നികുതി ആടവാക്കേണ്ടതുമാണ്. എന്നാൽ ആകെ 2280/- രൂപയാണ് അടവാക്കിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 4 /15.10.2022 മറുപടി ലഭ്യമാക്കിയില്ല)

1-15 പ്രേരക് ഹോണറേറിയം തിരികെ ലഭ്യമായില്ല.

ജി ഒ (സാധാ) 626/21/എൽഎസ്ജിഡി തിയ്യതി 26.2.2021 ഉത്തരവ് പ്രകാരം സാക്ഷരതാ പ്രേരക്മാർക്ക് 2020 ഡിസമ്പർ മുതലുള്ള മാസങ്ങളിലെ ഹോണറേറിയം ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽനിന്ന് നൽകുന്നതിനു ഉത്തരവായിട്ടുണ്ട്. തുക പിന്നീട് റീഇമ്പേഴ്സ് ചെയ്ത് തരുന്നതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. വൗച്ചർ നമ്പർ 22100203/30.6..2021 പ്രകാരം 2021 മാർച്ച് മാസത്തെ ഹോണറേറിയം 19200 രൂപ മേലേകാളികാവ് തുടർവിദ്യാകേന്ദ്രം സാക്ഷരതാ പ്രേരകിനു നൽകിയിട്ടുണ്ട്. ആയത് റീഇമ്പേഴ്സ് ചെയ്ത് കിട്ടുന്നതിനു തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/18.7.22 ക്ക് മറുപടി ലഭ്യമായിട്ടില്ല. തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-16 വാഹന വാടക കരാർ തുകക്ക് ഐടി ഓഡിറ്റ് പരാമർശത്തെ തുടർന്ന് അടവാക്കി.

ഇൻകം ടാക്സ് ആക്ട് 194c പ്രകാരം ഒരു കരാർ പ്രകാരമുള്ള പെയ്മെന്റ് ഒരു ഇൻവോയിസ് പ്രകാരം

30000 രൂപയിൽ അധികമാകുകയോ ഒരു സാമ്പത്തിക വർഷം ആകെ 100000 രൂപയിൽ അധികമാകുകയോ ചെയ്താൽ ആകെ നൽകുന്ന തുകയുടെ 1 % തുക ആദായ നികുതി ഉറവിടത്തിൽനിന്ന് ഈടാക്കേണ്ടതാണ്. ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗനവാടി പോഷകാഹാരം വിതരണം എന്ന പദ്ധതിയിൽ ഭക്ഷ്യവസ്തുക്കൾ അംഗനവാടികളിൽ എത്തിക്കുന്നതിനു കരാർ എടുത്ത ശ്രീ മുസാഫിർ എന്നയാൾക്ക് കരാർ പ്രകാരമുള്ള തുക നൽകിയപ്പോൾ ഇപ്രകാരം ആദായ നികുതി കുറവ് ചെയ്തിരുന്നില്ല.

ആകെ 1474 രൂപ ഈടാക്കേണ്ടതായിരുന്നു. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 6/18.7.22 നൽകിയതിനെ തുടർന്ന് ഗ്രാമപഞ്ചായത്തിൽ അടവാക്കി.

## 1-17 മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായില്ല

പ്രോജക്റ്റ് നം. 52/22

പരിരക്ഷ- പാലിയേറ്റീവ് പ്രോഗ്രാം

വിനിയോഗിച്ച തുക – 5,85,922രൂപ

3,36,478(പ്ലാൻ ഫണ്ട് )

2,49,444 (തനത് ഫണ്ട് )

നിർവ്വഹണം - മെഡിക്കൽ ഓഫീസർ ( സി എച്ച് സി )

പദ്ധതി പ്രകാരം കിടപ്പിലായ രോഗികൾക്ക് താഴെ പറയുന്ന മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി വൗച്ചർ നം. 22101046/23.03.22പ്രകാരം 38,790രൂപ (തനത് ഫണ്ട്) മെഡിക്കൽ ഓഫീസർ (സി എച്ച് സി) കെ എം എസ് സി എൽ തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട് .ആയവ ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമനം. | ഉപകരണങ്ങളുടെ പേര് | എണ്ണം |
|---|---|---|
| 1 | Air Bed (Life Care) | 5 |
| 2 | Walker Adj. Folding Alu Adults | 5 |
| 3 | Wheel Chair (Life Care) | 5 |
| 4 | Nel Cath FG-12(Romsons) | 12 |

(ഓഡിറ്റ് എൻക്വയറിക്ക് നം .10/19.10.22 മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-18 അഡ്വാൻസ് തുക കൈപ്പറ്റി-ഭവനനിർമ്മാണം ആരംഭിച്ചില്ല.

2021-22 വർഷത്തിൽ ലൈഫ് ഭവനനിർമ്മാണ പദ്ധതി(എസ് ടി) പ്രകാരം എഗ്രിമെന്റ്വെച്ച് അഡ്വാൻസ് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് നം. 356/22
ലൈഫ് ഭവന പദ്ധതി (ST)
വിനിയോഗിച്ച തുക 1,07,934 (PKD-TSP)
ബിൽ നം. 34/21-22/25.01.22
നിർവ്വഹണം V.E.O. II

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക |
|---|---|---|
| 1 | രാധാമണി D/o വേലായുധൻ,ലക്ഷം വീട്ടിൽ, അടക്കാകുണ്ട് (പി ഒ) | 40,000 |
| 2 | ഷീബ W/o ഉണ്ണികൃഷ്ണൻ പട്ടാണി തരിശ് ,കാളികാവ് | 40,000 |
| 3 | ബിന്ദു D/o കൊല്ലൻ അറനാടൻ വീട് , അടക്കാകുണ്ട് (പി ഒ) | 27,934 |

ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം അഡ്വാൻസ് തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.തുടർനടപടി വിവരം

അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം . 11/19.10.22)

## 1-19 വാഹന വാടക നൽകിയത് - ആദായ നികുതി ഈടാക്കിയില്ല.

മെഡിക്കൽ ഓഫീസർ (സി എച്ച് സി )നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പരിരക്ഷ പാലിയേറ്റീവ് പ്രോഗ്രാം (52/22) പദ്ധതിയുടെ ഭാഗമായി ഗൃഹ സന്ദർശനം നടത്തുന്നതിനായി കരാർ പ്രകാരം ദിവസം 1100 രൂപ നിരക്കിൽ വാഹനം വാടകക്ക് എടുത്തിട്ടുണ്ട്. ഓഡിറ്റ് വർഷം വാടക ഇനത്തിൽ ആകെ 2,09,000 രൂപ കരാറുകാരന് (ശ്രീ.ഹരിശ്ചന്ദ്രൻ,കാട്ടിലാഞ്ചേരി,തണ്ടുകോട്,കാളികാവ് KL 05 M 9565)നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് നിയമം സെക്ഷൻ 194C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് ഒരു വർഷം നൽകുന്ന തുക 100000രൂപയിൽ അധികരിക്കുന്നു എങ്കിൽ 1% ആദായ നികുതി കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിരിക്കുകയാണ്. കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം./വൗച്ചർ നം/തീയ്യതി | വാഹന വാടക നൽകിയത് | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|
| വൗച്ചർ നം. 22100827/07.02.22 | 17,600 | 2090 |
| വൗച്ചർ നം. 22100826/07.02.22 | 17,600 | |
| ബിൽ നം.13/21-22/27.02.21 | 17,600 | |
| ബിൽ നം.10/21-22/30.11.21 | 17,600 | |
| ബിൽ നം.11/21-22/30.11.21 | 17,600 | |
| ബിൽ നം.9/21-22/07.10.21 | 16,500 | |
| ബിൽ നം.4/21-22/7.8.21 | 17,600 | |
| ബിൽ നം.3/21-22/17.08.21 | 17,600 | |
| ബിൽ നം.2/21-22/30.06.21 | 16,500 | |
| ബിൽ നം.1/21-22/31.05.21 | 17,600 | |
| വൗച്ചർ നം. 22101047/24.03.22 | 18,700 | |
| വൗച്ചർ നം. 22101047/24.03.22 | 16,500 | |
| ആകെ | 2,09,000 | |

കരാറുകാരനിൽ നിന്ന് ക്രമപ്രകാരം ആദായ നികുതി ഈടാക്കി അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം . 8/19.10.22 )

## 1-20 റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ, ലഭ്യമാക്കിയ ചെലവ് പത്രിക പ്രകാരം, ഏകദേശം 80 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടതിൽ ഏകദേശം 50 എണ്ണത്തിന് 1:2:4 അനുപാതത്തിലുള്ള Cement Concreting ചെയ്തിട്ടുള്ളത്തിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള 7582.91/m3 (DAR-2016,C I 31.06%) എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത് . (DAR-2018, C I- 36.44% പ്രകാരം 8358.28/m3) ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ, മേൽ 50 എണ്ണത്തിലെ 13 എണ്ണം പരിശോധിച്ചതിൽ 10 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്തി യിട്ടില്ലെന്ന്/ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് 18-10-22 ന് അസി.എഞ്ചിനീയ ർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. സൈഡ് ഷട്ടറിംഗ് ഉൾപ്പെടുത്തേണ്ട ാത്തതായ പ്രവൃത്തികൾക്ക് Od 1324204/21-22 Observed Data പ്രകാരമുള്ള, സൈഡ് ഷട്ടറിംഗ ിനുള്ള നിരക്ക് കുറച്ച നിരക്കായ 7291.26/m3 രൂപയാണ് അനുവദി ക്കാവുന്നത്.(DAR-2018, C I

36.44% പ്രകാരം 8036.83/m3). ആയതിന് പകരം Mord SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി 89524 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട് . സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തിക്ക് ആയത് ഉൾപ്പെടെയുള്ള നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 89524 രൂപ അതാത് പ്രവത്തിയുടെ കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം ഈ ഇനം പ്രവൃത്തിയുടെ അളവെടുത്ത ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ട തുമാണ്. കൂടാതെ, മേൽ 50 എണ്ണത്തിലെ 13 എണ്ണം പരിശോധിച്ചതിൽ 10 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്തിയി ട്ടില്ലെന്ന്/ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് 18-10-22 ന് അസി.എഞ്ചിനീയ ർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ട തിന്റെയും എഞ്ചിനീയ റിംഗ് വിഭാഗം ആയത് അംഗീകരിക്കുകയും ചെയ്തതിന്റെ യും അടിസ്ഥാനത്തിൽ മേൽ 50 എണ്ണത്തിലെ 13 എണ്ണം ഒഴികെയുള്ള പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്തി യിട്ടുണ്ടോയെന്ന് നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും സൈഡ് ഷട്ടറിംഗ് നടത്തി യിട്ടില്ലെങ്കിൽ കരാറുകാരിൽ നിന്ന് മേൽപ്രകാരം തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ് . മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ 12/19-10-22 നമ്പർ ഓഡിറ്റ് എൻക്വയറി ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . ആയതിനാൽ മേൽ പ്രകാരം അധികം നൽകിയ 89524 രൂപ മേൽ പ്രവത്തികളുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയ റിൽ നിന്നീടാക്കേണ്ടതാണ് . കൂടാതെ, മേൽ 50 എണ്ണത്തിലെ 13 എണ്ണം ഒഴികെയുള്ള പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്തി യിട്ടുണ്ടോയെന്ന് നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും സൈഡ് ഷട്ടറിംഗ് നടത്തി യിട്ടില്ലെങ്കിൽ കരാറുകാരിൽ നിന്ന് ചെയ്യാത്ത പ്രവൃത്തിക്ക് ആനുപാതികമായ തുക ഈടാക്കി അക്കാര്യം അറിയി ക്കേണ്ടതുമാണ്.

വിശദ വിവര ത്തിന് ഭാഗം 3 കാണുക.

1-21 കോൺക്രീറ്റ് റോഡ്: സ്ഥലം ഏറ്റെടുത്തതിന്റെ വിശദാംശം ലഭ്യമല്ല.

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന റോഡിന്റെ സ്ഥലം ഏറ്റെടുത്തതിന്റെ വിശദാംശം ലഭ്യമല്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തി: വലിയകുന്ന് പെരിയങ്ങോട് റോഡ് കോൺക്രീറ്റ് , 189/22

അടങ്കൽ: 495000 രൂപ ( CFC ഗ്രാന്റ്)

കരാറുകാരൻ: മുജീബ് റഹിമാൻ

കരാർ: AE/LID&EW/KKV/108/21-22/5-1-22 (ER)

ചെലവ്: 494899 രൂപ

വൗച്ചർ നമ്പർ: 109 (A)/21-22/19-3-22: Rs 437000,

136/21-22/23-3-22: Rs 57899

അളവ് പുസ്തകം: 85/21-22

അളവെടുത്ത തീയതി: 28-2-22 (അളവ് പുസ്തകം പേജ് 7)

DAR-2016,C I 31.06%

ഏകദേശം 120.00 മീറ്റർ നീളത്തിലും 3.00 മുതൽ 3.50 മീറ്റർ വരെ വീതിയിലുമാണ് കോൺക്രീറ്റ് റോഡ് നിർമിച്ചിട്ടുള്ളത്. രണ്ട് സ്വകാര്യ വ്യക്തികളുടെ വീട് സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്കാണ് ഈ റോഡ് നിർമിച്ചിട്ടുള്ളതെന്നും സ്വകാര്യ വ്യക്തികളുടെ വീടിന്റെ മുമ്പിലാണ് ഈ റോഡ് അവസാനിക്കുന്നതെന്നും തുടർന്നങ്ങോട്ട് റോഡിന് പ്രൊവിഷൻ ഇല്ലെന്നും

18-10-22 ന് അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. ഈ റോഡ് അസറ്റ് രജിസ്റ്ററിൽ ഉൾപ്പെട്ടതാണോയെന്നും റോഡ് നിർമിച്ചസ്ഥലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും വ്യക്തമല്ല. ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 14/20-10-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയായി ഈ റോഡ് ഉൾപ്പെട്ട ആസ്തി രജിസ്റ്ററിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച അവ്യക്തത ദൂരീകരിക്കുവാൻ, റോഡ് നിർമിച്ചസ്ഥലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ, റോഡ് നിർമിച്ചസ്ഥലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത ആധാരത്തിന്റെ പകർപ്പ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 494899 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-22 പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ ലേലം ചെയ്തില്ല.

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ നിന്നും പൊളിച്ചെടുത്ത സാധനങ്ങൾ പുനരുപയോഗിക്കുകയോ ലേലം നടത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല. 18-10-22 ന് നടത്തിയ സ്ഥല പരിശോധനയിൽ പൊളിച്ചെടുത്ത സാധനങ്ങൾ സ്കൂൾ കോമ്പൗണ്ടിൽ കൂട്ടിയിട്ടതായി കണ്ടു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പ്രവൃത്തി | ഇനം | പൊളിച്ചു മാറ്റിയ സാധനം |
|---|---|---|---|
| 1 | കാളികാവ് ബസാർ സ്കൂൾ പുനരുദ്ധാരണം 60/22<br>കരാറുകാരൻ. ശ്രീ റംഷാദ്<br>അടങ്കൽ. 350000 രൂപ.(MGNR)<br>അളവ് പുസ്തകം: 92/21-22<br>ചെലവ്: 349904 രൂപ<br>വൗച്ചർ നമ്പർ: 154/21-22/25-3-22 | 1 | Steel 477.65 Kg (477.65 Kg പൊളിച്ച് മാറ്റിയതിൽ 334.00 Kg സ്റ്റാക്ക് ചെയ്തു. (അളവ് പുസ്തകം പേജ് 2) |
| | | 2 | Roof Sheet 192.4 M2 (192.4 M2 പൊളിച്ച് മാറ്റിയതിൽ 96.00 M2 സ്റ്റാക്ക് ചെയ്തു. (അളവ് പുസ്തകം പേജ് 3) |
| | GLP സ്കൂൾ പാറശ്ശേരി പാജകപ്പുര | 1 | Steel 62.602 Kg (62.602 Kg |

| | | | |
|---|---|---|---|
| | നിർമാണം 278/22<br>കരാറുകാരൻ. ശ്രീ നിസാം<br>അടങ്കൽ. 300000 രൂപ.(MGNR)<br>അളവ് പുസ്തകം: 106/21-22<br>ചെലവ്: 299929 രൂപ<br>വൗച്ചർ നമ്പർ: 150/21-22/25-3-22 | | പൊളിച്ച് മാറ്റിയതിൽ 43.82 Kg<br>സ്റ്റാക്ക് ചെയ്തു. (അളവ് പുസ്തകം പേജ് 1) |
| | | | Roof Sheet 30.66 M2 (30.66 M2<br>പൊളിച്ച് മാറ്റിയതിൽ<br>9.198 M2 സ്റ്റാക്ക് ചെയ്തു.<br>(അളവ് പുസ്തകം പേജ് 3) |

പൊളിച്ച് മാറ്റിയ മുഴവൻ ഇരുമ്പും (Steel) സ്റ്റാക്ക് ചെയ്യാത്തത് വിശദമാക്കേണ്ടതും മേൽ ഇനങ്ങളുടെ വിനിയോഗ/ലേല വിവരം ലഭ്യമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 13/19-10-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഇനങ്ങളുടെ വിനിയോഗ വിവരം അറിയിക്കേണ്ടതാണ്.

## 1-23 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു/ ആവശ്യത്തിലധികം അക്കൗണ്ടുകൾ സൂക്ഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ പഞ്ചാബ് നേഷൻ ബാങ്കിലുള്ള 4281000100090377 നമ്പർ സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ 04-09-2022 ന് 3,96,586/- രൂപയും കരുവാരകുണ്ട് സബ്ട്രഷറിയിലെ 799011400004920 TSB അക്കൗണ്ടിൽ 29-7-22 ന് 18233 രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ തയ്യാറാക്കി കരാറുകാർക്ക് നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ ആവശ്യപ്പെടുന്ന തുക മാത്രമാണ് ഈ അക്കൗണ്ടിലേക്ക് അനുവദിക്കപ്പെടുന്നത് എന്നതിനാൽ ഇതിൽ പണം ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. അസിസ്റ്റന്റ് എഞ്ചിനിയറുടെ കാഷ് ബുക്കിലും ഇത്തരം നീക്കിയിരുപ്പിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന 414819/- രൂപ ഏതിനത്തിലുള്ളതാണെന്നും 414819/- രൂപയുടെ നീക്കിയിരിപ്പ് കാഷ്ബുക്കിൽ രേഖപ്പെടുത്താത്തത് എന്ത് കൊണ്ടാണെന്നും വിശദമാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ നിലവിൽ താഴെ പറയും പ്രകാരം നാല് ബേങ്ക്/ട്രഷറി അക്കൗണ്ടുകളുണ്ട്.

| ക്ര. നം | അക്കൗണ്ട് വിശദാംശം | ആവശ്യകത | അക്കൗണ്ട് തുടങ്ങിയ തീയതി | ബാലൻസ് തുക |
|---|---|---|---|---|
| 1 | 39075395797,<br>SBI Karuvarakund. | E-Tender | 21-01-2020 | ലഭ്യമല്ല |
| 2 | 110039398472<br>CANARA BANK, KALIKAVU | CFC ഗ്രാന്റ് പ്രവൃത്തികളുടെ I T അടവാക്കൽ | 24-02-2022 | ലഭ്യമല്ല |
| 3 | 4281000100090377<br>PNB, KALIKAVU | ലഭ്യമല്ല | 17-3-2008 | 3,96,586 (04-09-2022 ) |
| 4 | 799011400004920<br>TSB, Karuvarakund. | ലഭ്യമല്ല | ലഭ്യമല്ല | 18233 (29-7-22) |

മേൽ 4 അക്കൗണ്ടുകളുടെ ആവശ്യകത എന്താണെന്ന് വ്യക്തമാക്കേണ്ടതും നിലവിലെ ഫണ്ട് ട്രാൻസാക്ഷൻ രീതി പ്രകാരം ആവശ്യമില്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 15/20-10-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏതിനത്തിലാണെന്ന് കണ്ടെത്തി അറിയിക്കുന്നതാണെന്നും ആവശ്യമില്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതാണെന്നും അവശേഷിക്കുന്ന തുക കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-24 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ-മുഴവൻ മരുന്നുകളും ലഭ്യാമായിട്ടില്ല.

പ്രോജക്ട് നമ്പർ .22/2021-22 ( ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ-150000 ( Maintanance Fund Non Road)

ചെലവ്- 150000 (ബിൽ നമ്പർ-1/21-22/11-8-2021)

പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി, മെഡിക്കൽ ഓഫീസർ(ഹോമിയോ) ഹോംക്കോക്ക്, മേൽ പ്രകാരം 150000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിത് വരെ 91842 രൂപയുടെ മരുന്ന് മാത്രമാണ് സ്ഥാപനത്തിൽ ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന 58158 രൂപയുടെ മരുന്ന് ലഭ്യമായതായി കാണുന്നില്ല.

മരുന്ന് മുഴുവൻ ലഭ്യമായിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്. ലഭ്യമായിട്ടില്ലെങ്കിൽ ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 1/12-10-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മരുന്ന് ലഭ്യമാക്കാൻ ഹോംക്കോക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 58158 രൂപയുടെ മരുന്ന് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-25 മുഴുവൻ മരുന്നുകളും ലഭ്യമായില്ല.

പ്രോജക്റ്റ് നം. 54/22

ജീവിത ശൈലി രോഗങ്ങൾക്ക് മരുന്ന് വാങ്ങൽ (അലോപ്പതി) പദ്ധതി

വിനിയോഗിച്ച തുക – 2,00,000 രൂപ (മെയിന്റനൻസ് ഫണ്ട് (റോഡിതരം))

ബിൽ നം. 5/2021-22/17.08.21 – 2,00,000

നിർവ്വഹണം - മെഡിക്കൽ ഓഫീസർ ( സി എച്ച് സി )

പദ്ധതി പ്രകാരം ജീവിത ശൈലിരോഗങ്ങൾക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി മെഡിക്കൽ ഓഫീസർ (സി എച്ച് സി) 2,00,000 രൂപ കെ എം എസ് സി എൽ തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട് എന്നാൽ ആയതിൽ താഴെ പറയും പ്രകാരം 1,35,184രൂപക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായത് .

| ക്രമനം. | ഇൻവോയിസ് നം ./തീയ്യതി | തുക |
|---|---|---|
| 1 | 733/16.10,21 | 7958 |
| 2 | 12675/09.02.22 | 21,375 |
| 3 | 15136/21.03.22 | 16,211 |
| 4 | 693/21.04.22 | 54,452 |
| 5 | 4007/08.06.22 | 10,975 |
| 6 | 4009/08.08.22 | 17,611 |
| 7 | 9730/31.08.22 | 6,602 |
| | ആകെ | 1,35,184 |

അവശേഷിച്ച 64,816 രൂപയ്ക്കുള്ള മരുന്നുകൾ കൂടി ലഭ്യമായതിന്റെ സ്റ്റോക്ക് ,ഇഷ്യൂ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം .9/19.10.22)

## 1-26 അനധികൃത നിർമ്മാണങ്ങൾ - തുടർ നടപടി സ്വീകരിച്ചില്ല.

വെള്ളയൂർ വില്ലേജിൽ സർവ്വെ നമ്പർ BL 137/189/9,10 ൽപ്പെടുന്ന സ്ഥലത്ത് നിലവിൽ പ്രവർത്തിച്ച വരുന്ന സിറാജുൽ ഉലൂം അറബിക് കോളേജ് ക്യാമ്പസിൽ പുതുതായി നിർമ്മിക്കുന്ന 736.14 ച.മീ വിസ്തീർണം വരുന്ന വിദ്യാഭ്യാസ (മദ്രസ) കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായാണ് സെക്രട്ടറി, റബീയത്തുൽ മുസ്ലീമിൻ അസ്സലഫിയ കമ്മറ്റി അപേക്ഷ (A3/6209/2021/01.12.2021) സമർപ്പിച്ചിട്ടുള്ളത്. ആയത് പ്രകാരം A3-BA(308271)/2021 തി. 07.12.2021 നമ്പർ പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനിൽ 13/71 (GF-75 ച.മീ,FF- 80ച.മീ), 13/72(GF-80ച.മീ) എന്നീ നമ്പർ കെട്ടിടങ്ങൾ നിലവിലുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണം |
|---|---|
| 13/71 | 92 ച.മീ , താഴത്തെ നില വിദ്യാഭ്യാസം |
| 13/72 | 120 ച.മീ , താഴത്തെ നില |

കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് മുൻപായി നിലവിലുള്ള കെട്ടിടങ്ങളിൽ അനധികൃതമായി നിർമ്മിച്ചവ

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചുകൊണ്ടാണോ നിർമ്മിച്ചിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും നിയമാനുസൃതം നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമായിരുന്നെങ്കിലും അത്തരത്തിലുള്ള യാതൊരു നടപടിയും സ്വീകരിക്കാതെ പെർമിറ്റ് അനുവദിച്ചതായി കാണുന്നു.

നിയമാനുസൃതം നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കാതെ പുതിയ നിർമ്മാണത്തിന് അനുമതി നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 5/18.10.2022 നൽകിയതിനെ തുടർന്ന് 13/71 നമ്പർ കെട്ടിടത്തിൽ കൂടുതലായി നിർമ്മിച്ച 63 ച.മീറ്റർ ഏരിയ 1260/- രൂപ ഫീസ് ഇടാക്കി (1220101845/20.10.2022 രശീതി പ്രകാരം) ക്രമവൽക്കരിച്ചു നൽകി. നിലവിലുള്ള കെട്ടിടങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ അനുമതി വാങ്ങാതെ തന്നെ അധിക നിർമ്മാണങ്ങൾ ഉണ്ടാവുന്നുണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. പ്ലോട്ടിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി പ്ലാൻ സമർപ്പിക്കുമ്പോൾ പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വിവരം പ്ലാനിൽ രേഖപ്പെടുത്തുന്ന അവസരത്തിൽ മാത്രമാണ് അധിക നിർമ്മാണം സംബന്ധിച്ച വിവരം അറിയാനിടയാവുന്നത്. അതുവഴി പെർമിറ്റ് ഫീസ് ഇനത്തിലും വസ്തുനികുതി ഇനത്തിലും ഗ്രാമ പഞ്ചായത്തിന് നഷ്ടം വരുന്നുണ്ട്. ഇത്തരത്തിൽ വാണിജ്യ/വ്യവസായ കെട്ടിടങ്ങളിലും ഉണ്ടാവാനിടയുള്ളതിനാൽ ആവശ്യമായ ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടങ്ങളിൽ സ്കൂളുകൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ പഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി. വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | പഞ്ചായത്ത് നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള മുറികളുടെ വിസ്തീർണ്ണം |
|---|---|---|
| സെന്റ് ക്ലയൻസ് കോൺവെന്റ് പ്രൈമറി സ്കൂൾ | കെട്ടിട നമ്പർ 10/283<br>താഴത്തെ നില 300 $M^2$<br>ആകെ 300 $M^2$ | കെട്ടിട നമ്പർ 3/107<br>താഴത്തെ നില 33.00 X8.40= 277.20 $M^2$<br>ഒന്നാം നില= 33.00 X 8.40 = 277.20 $M^2$<br>ആകെ 554.40 $M^2$ |
| AIEC തണ്ടുകോട് വണ്ടൂർ | താഴത്തെ നില 36 $M^2$<br>ആകെ 36 $M^2$ | 17.25x6.5=112.125$M^2$<br>17.25x6.5=112.125$M^2$<br>8.4x6.6=55.44 $M^2$<br>ആകെ= 279.69 $M^2$ |
| KMSNM AUP സ്കൂൾ വെള്ളയൂർ | 15/271 – 50 ച.മീ<br>15/272- 50 ച.മീ<br>5/273 – 60 ച.മീ<br>5/274- 180 ച.മീ<br>5/275- 60 ച.മീ<br>5/275 A- 227 ച.മീ<br>5/276- 220 ച.മീ<br>5/277 – 30 ച.മീ<br>5/278 – 50 ച.മീ<br>5/278 A- 230.76 ച.മീ | ആകെ = 1948.41 ച.മീ |

| | | |
|---|---|---|
| | 5/296 – 60 ച.മീ<br>5/296 A – 227.13 ച.മീ<br>ആകെ = 1444.89 ച.മീ | |

പഞ്ചായത്തിലെ ഏതാനം സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്. സ്കൂളുകളുടെ കെട്ടിട നമ്പർ സംബന്ധിച്ച വ്യക്തമായ വിവരം ലഭിക്കാത്തതിനാൽ മുഴവൻ സ്കൂളുകളുടെയും കെട്ടിടങ്ങൾ പഞ്ചായത്തിൽ നിന്ന് നമ്പർ നേടി അധികൃതമാക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 16/20.10.2022 ) ഗ്രാമ പഞ്ചായത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും പരിശോധിച്ച് അസസ്മെന്റ് രജിസ്റ്ററിൽ/ സഞ്ചയയിൽ രേഖപ്പെടുത്തിയ അളവുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നതും വ്യത്യാസമുള്ള പക്ഷം നിയമാനുസൃത നടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

ഗ്രാമ പഞ്ചായത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് പരിശോധന നടത്തേണ്ടതും നിയമാനുസൃതം തുടർ നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. **തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.**

## 1-28 അഗതി രഹിത കേരളം പദ്ധതി - പ്രവർത്തനം ആശാവഹമല്ല.

അഗതി രഹിത കേരളം പദ്ധതിയുടെ കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിൽ 31.03.2022 ന് 9,08,580രൂപ നീക്കിയിരിപ്പുണ്ട്. 2019-20 സാമ്പത്തിക വർഷമാണ് അഗതി രഹിത കേരളം പദ്ധതി ആരംഭിച്ചിട്ടുള്ളത് . ഭക്ഷ്യധാന്യങ്ങൾ കിറ്റ് നൽകൽ,മരണാന്തര ആനുകൂല്യം നൽകൽ,വീട് പുനരുദ്ധാരണം ധനസഹായം നൽകൽ എന്നിവയാണ് 2021-22 സാമ്പത്തിക വർഷത്തിൽ ചെയ്തിട്ടുള്ളത്.

അഗതി രഹിത കേരളം പദ്ധതി സംബന്ധിച്ച സ.ഉ (എം എസ് )നം. 252/2017/തസ്വഭവ തി.12.12.2017 നം. ഉത്തരവ് പ്രകാരം എ എ വൈ കാർഡില്ലാത്ത അഗതി കുടുംബങ്ങൾക്ക് ആയത് ലഭ്യമാകുന്നത് വരെ റേഷൻ കടകളിൽ നിന്നോ മറ്റു സിവിൽ സപ്ലൈസ് സ്ഥാപനങ്ങളിൽ നിന്നോ ഭക്ഷ്യധാന്യം വാങ്ങിനൽകാവുന്നതും, ഭക്ഷ്യധാന്യങ്ങളുടെയും പരിപ്പ് വർഗ്ഗങ്ങളുടെയും വിതരണം സി ഡി എസും ബന്ധപ്പെട്ട അയൽക്കൂട്ടങ്ങളും ഉറപ്പു വരുത്തേണ്ടതുമാണ്. റേഷൻ കടകളിൽ നിന്നും ലഭ്യമാകുന്നതിൽ കൂടുതൽ ധാന്യം നൽകേണ്ടതുണ്ടെങ്കിൽ മാത്രമാണ് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകാവുന്നത്. റേഷൻകാർഡില്ലാത്ത അഗതി കുടുംബങ്ങൾക്ക് ആയത് ലഭ്യമാകുന്നത് വരെ പരമാവധി ഒരു വർഷത്തേക്ക് മാത്രമാണ് നൽകാവുന്നത്. ഇതിനും പുറമേ പോഷകാഹര കിറ്റും പ്രതിമാസം നൽകാവുന്നതാണ്.ഒരു അംഗത്തിന് പ്രതിമാസം 500 രൂപയും, രണ്ട് അംഗങ്ങളുള്ള കുടുംബത്തിന് 700 രൂപയും, മൂന്നോ അതിൽ കൂടുതലോ അംഗങ്ങളുള്ള കുടുംബത്തിന് 900 രൂപയുമാണ് ഇക്കാര്യത്തിൽ വിനിയോഗിക്കാവുന്നത്. പോഷകാഹരകുറവുള്ള ഗുണഭോക്താക്കൾക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങൾ പി എച്ച് സി മെഡിക്കൽ ഓഫീസറുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതും, പോഷണത്തിൽ ഉണ്ടാകുന്ന പുരോഗതി വിലയിരുത്തേണ്ടതും ഒരു ഹെൽത്ത് കാർഡിൽ വിവരം രേഖപ്പെടുത്തി നിരീക്ഷിക്കേണ്ടതുമാണ്. ഭക്ഷണം പാചകം ചെയ്യുന്നതിന് ശേഷിയില്ലാത്തവർക്ക് ഭക്ഷണം പാചകം ചെയ്ത് വിതരണം നടത്തണം. ദൗർഭാഗ്യവശാൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങി നൽകുന്നതിനപ്പുറം കാര്യങ്ങൾ നടത്തിട്ടില്ല.

മേൽ മാർഗ്ഗരേഖ 2.5.5 പ്രകാരം അഗതി കുടുംബങ്ങളെ സന്ദർശിച്ച് പദ്ധതി പ്രകാരമുള്ള സഹായങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ച് ആയതിന്റെ രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ ആയത് പാലിക്കുന്നില്ല.

2.5.7 പ്രകാരം എല്ലാമാസവും ഭക്ഷ്യധാന്യവും പോഷകാഹാര കിറ്റും ലഭ്യമാക്കണം എന്നാൽ 2021 മാർച്ച്,ഏപ്രിൽ മാസങ്ങളിൽ കിറ്റുകൾ നൽകിയിട്ടില്ല. കൂടാതെ ഭക്ഷ്യധാന്യവിതരണത്തിലും സമയക്ലിപ്തത പാലിക്കുന്നില്ല.അഗതികൾക്ക് ഭക്ഷ്യധാന്യമെത്തിക്കുന്നതിലും വീഴ്ചവരുത്തിയിട്ടുണ്ട്.

കൂടാതെ, പദ്ധതി പ്രകാരം അഗതികൾക്ക് ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഓഫീസറായി ഗ്രാമപഞ്ചായത്ത് പ്രദേശത്തെ അലോപ്പതി *ആയുർവേദം*/ഹോമിയോ വിഭാഗങ്ങളിലെ ഏതെങ്കിലും ഒരു മെഡിക്കൽ ഓഫീസറെ ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തണം. എന്നാൽ നാളിതുവരെയും അപ്രകാരം ഒരു നടപടി സ്വീകരിച്ചിട്ടില്ല.

ചികത്സ സഹായം ആവശ്യമുള്ള ഗുണോക്താക്കൾ യഥേഷ്ടമുണ്ടെങ്കിലും നാളിതുവരെയും ആർക്കും തന്നെ ചികിത്സാ സൗകര്യം ലഭ്യമായിട്ടില്ല. അഗതി രഹിത കേരളം പദ്ധതി അംഗീകാരത്തിന് നൽകുന്നതിന് മുൻപു തന്നെ എല്ലാവിഭാഗം മെഡിക്കൽ ഓഫീസർമാരെയും വിദഗ്ധരെയും ഉൾക്കൊള്ളിച്ച് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് ഹെൽത്ത് കാർഡ് അനുവദിക്കാത്തതാണ് കാരണം. അഗതി രഹിത കേരളം പദ്ധതി അംഗീകരത്തിന് നൽകുന്നതിന് മുൻപ് തന്നെ ഈവിധം മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് ഹെൽത്ത് കാർഡ് അനുവദിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണെങ്കിലും

ആയത് പാലിച്ചിട്ടില്ല.പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികളുടെ ശാരീരിക മാനസിക വിശദാംശങ്ങൾ ഉൾപ്പെടെ വിശദവിവരങ്ങൾ അടങ്ങിയ ഒരു ഫയൽ പി എച്ച് സി കളിൽ സൂക്ഷിക്കേണ്ടതാണെങ്കിലും ആയതും പാലിച്ചിട്ടില്ല. പദ്ധതി ഗുണഭോക്താക്കൾക്ക് ആർക്കും ചികിത്സാ സൗകര്യം ലഭിച്ചിട്ടില്ല.

4.2.2.1 പ്രകാരം സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതികുടുംബങ്ങൾക്കും ഭവനനിർമ്മാണ സഹായം നൽകിയതിന് ശേഷം മാത്രമെ തദ്ദേശ ഭരണസ്ഥാപനത്തിലെ മറ്റു കുടുംബങ്ങൾക്ക് വീട് നൽകുവാൻ പാടുള്ളൂ. ഭവനം ആവശ്യമുള്ള മൂന്ന് കുടുംബങ്ങൾക്കും ലൈഫ് ഭവനപദ്ധതി പ്രകാരം ഭവനം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഭവനപുനരുദ്ധാരണത്തിനുള്ള 14 ഗുണഭോക്താക്കളിൽ 9 പേർക്ക് മാത്രമെ നാളിതുവരെയും ആനുകൂല്യം ലഭിച്ചിട്ടൊള്ളൂ.

പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാൻ ചുമതലപ്പെട്ട വിലയിരുത്തൽ സമിതിയുടെ പ്രവർത്തനവും നാമമാത്രമാണ്.2021-22 വർഷത്തിൽ രണ്ടുതവണ യോഗം ചേർന്നതൊഴിച്ചാൽ പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തുകയോ മറ്റുതരത്തിലുള്ള ഇടപെടലുകളോ സമിതി നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ പട്ടാണിതരിശ് കോളനിയിൽ അതിദരിദ്രരായ പട്ടികവർഗ്ഗകുടുംബങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഈ പദ്ധതി ഗുണഭോക്താക്കളായി പട്ടിക വർഗ്ഗക്കാർ ആരുംതന്നെ ഇല്ല. കാരണം വ്യക്തമല്ല.

ചലഞ്ച് ഫണ്ട് രണ്ടുഗഡുമാത്രമാണ് ഈഓക്കാലയളവിൽ ലഭിച്ചിട്ടൊള്ളൂ. പദ്ധതിയുടെ പുരോഗതി ആശാവഹമല്ലാത്തതിനാൽ മൂന്നാംഗഡു ലഭ്യമായിട്ടില്ല.ഒരോ ഭക്ഷ്യധാന്യങ്ങൾ തന്നെയാണ് എല്ലാമാസവും വിതരണം ചെയ്യുന്നത്. ഭക്ഷ്യകിറ്റ് പലഗുണഭോക്താക്കളും യഥാസമയം കൊണ്ടുപോകാത്തത് വിലയിരുത്തൽ സമിതി യോഗം വിലയിരുത്തിയിട്ടുണ്ട്.നിലവിലുള്ള ഗുണഭോക്താക്കളുടെ സാമ്പത്തിക സ്ഥിതി പുനഃപരിശോധന നടത്തുവാനും അനർഹരെ പദ്ധതിയിൽ നിന്ന് ഒഴിവാക്കുവാനും യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും നടപടികൾ എങ്ങുമെത്തിയിട്ടില്ല.പദ്ധതി സംബന്ധിച്ച് മോണിറ്ററിംഗ് ഒന്നും തന്നെ നടക്കുന്നില്ല.

അപാകതകൾ പരിഹരിച്ച് പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-29 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് വർഷത്തിൽ കെഎസ്ഇബിക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മുൻകൂർ ചെലവഴിച്ച് പ്രവൃത്തി പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രോജക്റ്റ് നം./ പ്രവൃത്തിയുടെ പേര് | ബിൽനം./തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 2 | KSEB | 211/22 MCF ലേക്ക് ത്രീഫേസ് കണക്ഷൻ നൽകൽ | 22100424/16.09.21 | 75000 | 00 | 75000 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി; നഷ്ടം 89524 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ, ലഭ്യമാക്കിയ ചെലവ് പത്രിക പ്രകാരം, ഏകദേശം 80

റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടതിൽ ഏകദേശം 50 എണ്ണത്തിന് 1:2:4 അനുപാതത്തിലുള്ള Cement Concreting ചെയ്തിട്ടുള്ളതിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള 7582.91/m3 (C I 31.06%) എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. (C I- 36.44% പ്രകാരം 8358.28/m3) ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ, മേൽ 50 എണ്ണത്തിലെ 13 എണ്ണം പരിശോധിച്ചതിൽ 10 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെന്ന്/ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് 18-10-22 ന് അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. സൈഡ് ഷട്ടറിംഗ് ഉൾപ്പെടുത്തേണ്ടാത്തതായ പ്രവൃത്തികൾക്ക് Od 1324204/21-22 Observed Data പ്രകാരമുള്ള, സൈഡ് ഷട്ടറിംഗിനുള്ള നിരക്ക് കുറച്ച നിരക്കായ 7291.26/m3 രൂപയാണ് അനുവദിക്കാവുന്നത്. (C I 36.44% പ്രകാരം 8036.83/m3). ആയതിന് പകരം Mord SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി താഴെ പറയും പ്രകാരം 89524 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| 1 M3 ന് അധികം നൽകിയത്: | |
|---|---|
| Cost Index 31.06% പ്രകാരം | 7582.91-7291.26 = 291.65 രൂപ |
| Cost Index 36.44% പ്രകാരം | 8358.28 - 8036.83 = 321.45 രൂപ |

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം | പദ്ധതി വിശദാംശം | ചെയ്ത അളവ് | അധികം നൽകിയ തുക |
|---|---|---|---|
| 1 | എലിക്കോട് ചെമ്മനം മട്ടമട റോഡ് ഐറിഷ് ഡ്രൈനേജ് നിർമാണം, 175/22<br>അടങ്കൽ: 495000 രൂപ ( CFC ഗ്രാന്റ് )<br>കരാറുകാരൻ: അനീസ് ബാബു<br>കരാർ: AE/LID&EW/KKV/38/21-22 /11-11-21<br>(32.5% Below ER)<br>ചെലവ്: 327532 രൂപ<br>വൗച്ചർ നമ്പർ: 178/21-22/31-3-22<br>അളവ് പുസ്തകം: 126/21-22<br>അളവെടുത്ത തീയതി: 21-3-22 (അളവ് പുസ്തകം പേജ് 17)<br>DAR-2016,C I 31.06% | 50.50 M3 | 50.50m3x291.65= 14728.32<br>(-) Tender Variation 32.5%= 4786.70<br>ബാക്കി: 9941.61<br>(+) 12% GST: 1192.99<br>Total: 11134.60<br>Rounded: 11135 രൂപ |
| 2 | മുള്ളൻമട ശ്രീപുരം ക്ഷേത്രം റോഡ് കോൺക്രീറ്റ് , 74/22<br>അടങ്കൽ: 225000 രൂപ ( വികസന ഫണ്ട് (G )<br>കരാറുകാരൻ: അനീസ് ബാബു<br>കരാർ: AE/LID&EW/KKV/34/21-22 /11-11-21<br>(31.70% Below ER)<br>ചെലവ്: 153670 രൂപ<br>വൗച്ചർ നമ്പർ: 76/21-22/11-2-22<br>അളവ് പുസ്തകം: 74/21-22<br>അളവെടുത്ത തീയതി: 31-12-21 (അളവ് പുസ്തകം പേജ് 7)<br>DAR-2016,C I 31.06% | 25.091 M3 | 25.091m3x291.65= 7317.79<br>(-) Tender Variation 31.70%= 2319.73<br>ബാക്കി: 4998.05<br>(+) 12% GST: 599.76<br>Total: 5597.81<br>Rounded: 5598 രൂപ |

| | | | |
|---|---|---|---|
| 3 | കുനിയറ ശ്മശാനം MCFറോഡ് കോൺക്രീറ്റ് , 307/22<br>അടങ്കൽ: 250000 രൂപ ( വികസന ഫണ്ട് (G )<br>കരാറുകാരൻ: റംഷാദ്<br>കരാർ: AE/LID&EW/KKV/116/21-22 /5-1-22 (ER)<br>ചെലവ്: 249974 രൂപ<br>വൗച്ചർ നമ്പർ: 117/21-22/21-3-22<br>അളവ് പുസ്തകം: 72/21-22<br>അളവെടുത്ത തീയതി: 21-2-22 (അളവ് പുസ്തകം പേജ് 11)<br>DAR-2018,C I 36.44% | 25.364 M3 | 25.364m3x321.45= 8153.25<br>(+)12% GST: 978.39<br>Total: 9131.39<br>Rounded: 9131 രൂപ |
| 4 | കോട്ടക്കൽ സൈദ് ജലനിധി റോഡ് കോൺക്രീറ്റ് , 308/22<br>അടങ്കൽ: 250000 രൂപ ( CFC ഗ്രാന്റ് )<br>കരാറുകാരൻ: അക്ബർ മാഞ്ചേരി<br>കരാർ: AE/LID&EW/KKV/104/21-22 /5-1-22 (ER)<br>ചെലവ്: 249987 രൂപ<br>വൗച്ചർ നമ്പർ: 86/21-22/18-2-22<br>അളവ് പുസ്തകം: 36/21-22<br>അളവെടുത്ത തീയതി: 28-1-22 (അളവ് പുസ്തകം പേജ് 8)<br>DAR-2018,C I 36.44% | 24.505 M3 | 24.505m3x321.45= 7877.13<br>(+)12% GST: 945.25<br>Total: 8822.38<br>Rounded: 8822 രൂപ |
| 5 | MC പടി പള്ളിപ്പടി റോഡ് കോൺക്രീറ്റ് , 286/22<br>അടങ്കൽ: 300000 രൂപ ( തനത് ഫണ്ട് )<br>കരാറുകാരൻ: മുജീബ് റഹിമാൻ<br>കരാർ: AE/LID&EW/KKV/108/21-22 /5-1-22 (ER)<br>ചെലവ്: 299926 രൂപ<br>വൗച്ചർ നമ്പർ: 137/21-22/23-3-22<br>അളവ് പുസ്തകം: 85/21-22<br>അളവെടുത്ത തീയതി: 10-3-22 (അളവ് പുസ്തകം പേജ് 16)<br>DAR-2016,C I 31.06% | 30.256 M3 | 30.256m3x291.65= 8824.16<br>(+) 12% GST: 1058.89<br>Total: 9883.05<br>Rounded: 9883 രൂപ |
| 6 | ഏറ്റുങ്ങൽ പട്ടപ്പുങ്ങൽ സൈദലവി റോഡ് കോൺക്രീറ്റ് , 292/22<br>അടങ്കൽ: 250000 രൂപ ( MG റോഡ് )<br>കരാറുകാരൻ: അക്ബർ മാഞ്ചേരി<br>കരാർ: AE/LID&EW/KKV/102/21-22 | 28.026 M3 | 28.026m3x291.65= 8173.78<br>(+) 12% GST: 980.85<br>Total: 9154.63<br>Rounded: 9155 രൂപ |

| | | | |
|---|---|---|---|
| | /5-1-22 (ER)<br>ചെലവ്: 249898 രൂപ<br>വൗച്ചർ നമ്പർ: 74/21-22/11-2-22<br>അളവ് പുസ്തകം: 55/21-22<br>അളവെടുത്ത തീയതി: 28-1-22 (അളവ് പുസ്തകം പേജ് 8)<br>DAR-2016,C I 31.06% | | |
| 7 | H S പടി S C കോളനി റോഡ് റീ കോൺക്രീറ്റ് , 149/22<br>അടങ്കൽ: 300000 രൂപ ( വികസന ഫണ്ട് (G )<br>കരാറുകാരൻ: അക്ബർ മാഞ്ചേരി<br>കരാർ: AE/LID&EW/KKV/94/21-22 /5-1-22 (ER)<br>ചെലവ്: 299908 രൂപ<br>വൗച്ചർ നമ്പർ: 113/21-22/15-3-22<br>അളവ് പുസ്തകം: 67/21-22<br>അളവെടുത്ത തീയതി: 3-2-22 (അളവ് പുസ്തകം പേജ് 9)<br>DAR-2016,C I 31.06% | 35.712 M3 | 35.712m3x291.65= 10415.40<br>(+) 12% GST: 1249.84<br>Total: 11665.24<br>(കുറിപ്പ്: 1/4 ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത് )<br>11665.24 X 75% = 8748.93<br>Rounded: 8749 രൂപ |
| 8 | ഉള്ളാട്ടിൽ നാസർ പടി പറയര്മുണ്ട റോഡ് കോൺക്രീറ്റ് , 88/22<br>അടങ്കൽ: 300000 രൂപ ( തനത് ഫണ്ട് )<br>കരാറുകാരൻ: മുജീബ് റഹിമാൻ<br>കരാർ: AE/LID&EW/KKV/106/21-22 /5-2-22 (ER)<br>ചെലവ്: 286117 രൂപ<br>വൗച്ചർ നമ്പർ: 142/21-22/25-3-22<br>അളവ് പുസ്തകം: 62/21-22<br>അളവെടുത്ത തീയതി: 7-3-22 (അളവ് പുസ്തകം പേജ് 8)<br>DAR-2016,C I 31.06% | 32.455 M3 | 32.455m3x291.65= 9465.5<br>(+) 12% GST: 1135.86<br>Total: 10601.36<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത് )<br>10601.36 X 50% = 5300.68<br>Rounded: 5301രൂപ |
| 9 | വലിയകുന്ന് പെരിയങ്ങോട് റോഡ് കോൺക്രീറ്റ് , 189/22<br>അടങ്കൽ: 495000 രൂപ ( CFC ഗ്രാന്റ് )<br>കരാറുകാരൻ: മുജീബ് റഹിമാൻ<br>കരാർ: AE/LID&EW/KKV/108/21-22 /5-1-22 (ER)<br>ചെലവ്: 494899 രൂപ<br>വൗച്ചർ നമ്പർ: 109 (A)/21-22/19-3-22:Rs 437000, | 55.71 M3 | 55.71m3x291.65= 16247.82<br>(+) 12% GST: 1949.73<br>Total: 18197.55<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക |

| | | | |
|---|---|---|---|
| | 136/21-22/23-3-22: Rs 57899<br>അളവ് പുസ്തകം: 85/21-22<br>അളവെടുത്ത തീയതി: 28-2-22 (അളവ് പുസ്തകം പേജ് 7)<br>DAR-2016,C I 31.06% | | പരിമിതപ്പെടുത്തിയത്)<br>18197.55 X 50% = 9098.77<br>Rounded: 9099രൂപ |
| 10 | കാട്ടിക്കുണ്ടിൽ പുഴ റോഡ് കോൺക്രീറ്റ് , 80/22<br>അടങ്കൽ: 350000 രൂപ ( വികസന ഫണ്ട് (G )<br>കരാറുകാരൻ: അനീസ് ബാബു<br>കരാർ: AE/LID&EW/KKV/36/21-22 /11-11-21<br>(31.05% Below ER)<br>ചെലവ്: 241239 രൂപ<br>വൗച്ചർ നമ്പർ: 75/21-22/11-2-22<br>അളവ് പുസ്തകം: 24/21-22<br>അളവെടുത്ത തീയതി: 31-12-21 (അളവ് പുസ്തകം പേജ് 8)<br>DAR-2016,C I 31.06% | 38.29 M3 | 38.29m3x291.65= 11167.27<br>(-) Tender Variation 31.05%= 3467.43<br>ബാക്കി: 7699.84<br>(+) 12% GST: 923.98<br>Total: 8623.82<br>(കുറിപ്പ്: 5% ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>8623.82 X 95% = 8192.62<br>Rounded: 8193 രൂപ |
| 11 | ഈശ്വരൻപടി പുത്തൻപുര റഷീദ് പടി റോഡ് കോൺക്രീറ്റ് , 97/22<br>അടങ്കൽ: 400000 രൂപ ( തനത് ഫണ്ട് )<br>കരാറുകാരൻ: അനീസ് ബാബു<br>കരാർ: AE/LID&EW/KKV/37/21-22 /11-11-21<br>(34.5% Below ER)<br>ചെലവ്: 261959 രൂപ<br>വൗച്ചർ നമ്പർ: 72/21-22/11-2-22<br>അളവ് പുസ്തകം: 25/21-22<br>അളവെടുത്ത തീയതി: 31-12-21 (അളവ് പുസ്തകം പേജ് 7)<br>DAR-2016,C I 31.06% | 41.676 M3 | 41.676m3x291.65= 12154.80<br>(-) Tender Variation 34.5%= 4193.40<br>ബാക്കി: 7961.40<br>(+) 12% GST: 955.36<br>Total: 8916.76<br>(കുറിപ്പ്: 50% ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>8916.76 X 50 % = 4458.38<br>Rounded: 4458 രൂപ |
| | | ആകെ | 89524 രൂപ |

സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തിക്ക് ആയത് ഉൾപ്പെടെയുള്ള നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 89524 രൂപ അതാത് പ്രവത്തിയുടെ കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം ഈ ഇനം പ്രവൃത്തിയുടെ അളവെടുത്ത ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതുമാണ്. കൂടാതെ, മേൽ 50 എണ്ണത്തിലെ 13

എണ്ണം പരിശോധിച്ചതിൽ 10 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെന്ന്/ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് 18-10-22 ന് അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടതിന്റെയും എഞ്ചിനീയറിംഗ് വിഭാഗം ആയത് അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽ 50 എണ്ണത്തിലെ 13 എണ്ണം ഒഴികെയുള്ള പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടുണ്ടോയെന്ന് നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെങ്കിൽ കരാറുകാരിൽ നിന്ന് മേൽപ്രകാരം തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ 12/19-10-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രകാരം അധികം നൽകിയ 89524 രൂപ മേൽ പ്രവത്തികളുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. കൂടാതെ, മേൽ 50 എണ്ണത്തിലെ 13 എണ്ണം ഒഴികെയുള്ള പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടുണ്ടോയെന്ന് നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെങ്കിൽ കരാറുകാരിൽ നിന്ന് ചെയ്യാത്ത പ്രവൃത്തിക്ക് ആനുപാതികമായ തുക ഈടാക്കി അക്കാര്യം അറിയിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 44115 | 341/2022 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി കുടിശ്ശിക നൽകൽ | 44115 | 0 |
| | 58225 | 345/2022 പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി കുടിശ്ശിക നൽകൽ | 58225 | 0 |
| | 500000 | ലൈഫ് ഭവന പദ്ധതി -എസ്.സി 46/2022 | 320000 | 180000 |
| | 600000 | 32/2022 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 600000 | 0 |
| | 1000000 | ലൈഫ് ഭവന പദ്ധതി – ജനറൽ 44/2022 | 680000 | 320000 |
| ജില്ലാ പഞ്ചായത്ത് | 600000 | 32/2022 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 600000 | 0 |
| ജില്ലാ പഞ്ചായത്ത് | 1800000 | ലൈഫ് ഭവന പദ്ധതി – ജനറൽ 44/2022 | 1740000 | 60000 |
| ജില്ലാ പഞ്ചായത്ത് | 2161532 | ലൈഫ് ഭവന പദ്ധതി -എസ്.സി 46/2022 | 2160000 | 1532 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രോജക്റ്റ് നം./ പ്രവൃത്തിയുടെ പേര് | ബിൽനം./തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | KSEB | 10/22 കാളികാവ് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 22100527/26.10.21 | 246496 | 246496 | 00 |
| 2 | KSEB | 211/22 MCF ലേക്ക് ത്രീഫേസ് കണക്ഷൻ നൽകൽ | 22100424/16.09.21 | 75000 | 00 | 75000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തീയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത്(മുതൽ /പലിശ ) | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | ലൈഫ് ഭവനപദ്ധതി (KURDFC) | ജി.ഒ.(എം.എസ്)നം. 227/LSGD തിയതി 18.08.18 | 00 | 27959845 | 2713333 | 25246512 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6004/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-28 | 5846 | അക്ബർ മാഞ്ചേരി | 121010100039/15.04.2021 |
| 2018-19 | 1-28(2) | 8959 | അക്ബർ മാഞ്ചേരി | 121010100040/15.04.2021 |
| 2018-19 | 1-28(3) | 5966 | രാജേഷ്കുമാർ ചെട്ടിപ്പാടം | 121010100203/29.04.2021 |

| | | | | |
|---|---|---|---|---|
| 2018-19 | 1-28(3) | 30 | രാജേഷ്കുമാർ ചെട്ടിപ്പാടം | 121010100345/25.06.2021 |
| ഓഡിറ്റ് 121010100345/25.06.2021എൻക്വയറി | 20/26.07.21 | 39203 | റഹ്മത്ത് .പി, എച്ച്.എം | 121010100836/25.08.2021 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 12,13,14 | 2004-05 | 10.1.3.1 | റോഡ് പണികൾക്ക് അധിക ചെലവ് | നടപടി തുടരുന്നു |
| 2006-07 | 3(6) | 2009-10 | 2-8 | കെ എസ് ഇ ബി ഡെപ്പോസിറ്റ് | നടപടി തുടരുന്നു |
| 2011-12 2012-13 | 3(1) | 2014-15 | 4-1-5 | നിഷ്ക്രിയ ആസ്തി അവലോകനം | നടപടി തുടരുന്നു |
| 2014-15 | 2(4) | 2016-17 | അനുബന്ധം 3 | വസ്തു നികുതി | നടപടി തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

| ക്ര നം | റിപ്പോർട്ട് വര്ഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 2008-09 | 2-2,2-4,2-6 | എൻ.വി.സലീം | LF8581/spl.cell /Sc/D1 /12/23.07.2014 | 44580 | 34670 രൂപ അടവാക്കി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 115791460 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 110436211 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 89524 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 494899 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 89524 | 44762/- ശ്രീ. അനിൽ കുമാർ.എൻ, അസി. എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ ശ്രീ. ജോയൽ സാബു, അസി.എഞ്ചിനീയർ (താത്കാലിക നിയമനം) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 494899 | ശ്രീ.ജോയൽ സാബു, അസി.എഞ്ചിനീയർ (താത്കാലിക നിയമനം) |
| ആകെ | 494899 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

1.ശ്രീ.ജോയൽ സാബു, അഴകംപറമ്പിൽ ഹൗസ്, അമരമ്പലം (പി.ഒ), അഞ്ചാംമൈൽ 679332

2. ശ്രീ. അനിൽ കുമാർ.എൻ, യോഗത്ത് ഹൗസ്, മണ്ണാർമല പി.ഒ, പട്ടിക്കാട്, മലപ്പുറം.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.എം.പി.എം.6/1522/19 തീയ്യതി 14.10.19 | 14 |
| 1998-99 (പ്ലാൻ) | കെ.എസ്.എ.എം.പി.എം.6/1522/19 തീയ്യതി 14.10.19 | 3 |
| 1998-99 ചെലവ് | കെ.എസ്.എ.എം.പി.എം.6/1522/19 തീയ്യതി 14.10.19 | 4 |
| 1999-00 | കെ.എസ്.എ.എം.പി.എം.6/1522/19 തീയ്യതി 14.10.19 | 10 |
| 2000-01 | കെ.എസ്.എ.എം.പി.എം.6/1340/19 തീയ്യതി 14.10.19 | 2 |
| 2001-02 | കെ.എസ്.എ.എം.പി.എം.6/1340/19 തീയ്യതി 14.10.19 | 2 |
| 2002-03 | കെ.എസ്.എ.എം.പി.എം.6/1340/19 തീയ്യതി 14.10.19 | 6 |
| 2003-04 | കെ.എസ്.എ.എം.പി.എം.6/1340/19 തീയ്യതി 14.10.19 | 20 |
| 2004-05 | കെ.എസ്.എ.എം.പി.എം.6/1340/19 തീയ്യതി 14.10.19 | 2 |
| 2005-06 | കെ.എസ്.എ.എം.പി.എം.6/1340/19 തീയ്യതി 14.10.19 | 4 |
| 2006-07 | കെ.എസ്.എ.എം.പി.എം.6/1340/19 തീയ്യതി 14.10.19 | 14 |
| 2007-08 | കെ.എസ്.എ.എം.പി.എം.6/1340/19 തീയ്യതി | 6 |

| | | |
|---|---|---|
| | 14.10.19 | |
| 2008-09 | കെ.എസ്.എ.എം.പി.എം.6/1340/19 തീയ്യതി 14.10.19 | 17 |
| 2009-10,10-11 | കെ.എസ്.എ.എം.പി.എം.6/1340/19 തീയ്യതി 14.10.19 | 13 |
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം.6/2735/19 തീയ്യതി 17.08.20 | 11 |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.6/2735/19 തീയ്യതി 17.08.20 | 8 |
| 2015-16 | കെ.എസ്.എ.എം.പി.എം.6/2735/19 തീയ്യതി 17.08.20 | 4 |
| 2016-17 | കെ.എസ്.എ.എം.പി.എം.6/2735/19 തീയ്യതി 17.08.20 | 11 |
| 2017-18 | കെ.എസ്.എ.എം.പി.എം.6/2735/19 തീയ്യതി 17.08.20 | 5 |
| 2018-19 | കെ.എസ്.എ.എം.പി.എം.6/1001/21 തീയതി 02-09-21 | 10 |
| 2019-20 | കെ.എസ്.എ.എം.പി.എം.6/1250/2021 തീയതി 30-08-22 | 8 |
| 2020-21 | കെ.എസ്.എ.എം.പി.എം.6/1251/21 തീയതി 06-09-21 | 34 |

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്